"ശബരിമല റോപ്പ്‌വേ"

200 (6119) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പയിൽ നിന്ന് സന്നിധാനത്തേക്കുള്ള നിർദ്ദിഷ്ട റോപ്പ്‌വേ നിർമ്മാണം സംബന്ധിച്ച പഠനം നടത്തിയിട്ടുള്ളത് ആരാണ് ; പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത റോപ്പ്‌വേയുടെ അലൈൻമെന്റ് എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) റോപ്പ്‌വേ നിർമ്മാണം സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്താൻ M/s റൈറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പമ്പയിൽ ഹിൽടോപ്പിൽ നിന്നാരംഭിച്ച്, സന്നിധാനത്ത് പോലീസ് മെസ്സിന് സമീപത്ത് അവസാനിക്കും.

"ദേവസ്വം ഓംബുഡ്സ്മാൻ"

201 (6120) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം വകുപ്പിൽ പ്രത്യേക ഓംബുഡ്സ്മാന്റെ സേവനം ലഭ്യമാണോ ;

(ബി) എങ്കിൽ ഓംബുഡ്സ്മാനെ നിയമിക്കുന്നത് ആരാണ് ;

(സി) ഓംബുഡ്സ്മാന്റെ മുമ്പിൽ എത്ര കേസ്സുകൾ തീർപ്പാക്കുവാനുണ്ട് ;

(ഡി) ഓംബുഡ്സ്മാൻ തീർപ്പാക്കിയ കേസ്സുകളിൽ തുടർനടപടികൾ നടത്തേണ്ടതായുണ്ടോ ;

(ഇ) എത്ര കേസ്സുകളിൽ തുടർനടപടികൾ നടത്തിയിട്ടില്ല ;

(എഫ്) അതിന്റെ കാരണങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) ദേവസ്വം വകുപ്പിൽ പ്രത്യേക ഓംബുഡ്സ്മാൻ നിലവിലില്ല. എന്നാൽ തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്കായി ബഹു. ഹൈക്കോടതി നിയമിച്ച് ഓംബുഡ്സ്മാന്റെ സേവനം ലഭ്യമാണ്.

(സി) ഓംബുഡ്സ്മാന് ലഭിച്ച 98 പരാതികളിൽ 323 എണ്ണം തീർപ്പാക്കാനുണ്ട്. കൂടാതെ ബഹു. ഹൈക്കോടതി ഏൽപ്പിച്ച 196 കേസ്സുകളിൽ 22 എണ്ണത്തിൽ റിപ്പോർട്ട് ഫയൽ ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി-എഫ്) ബഹു ,ഓംബുഡ്സ്മാൻ തീർപ്പാക്കുന്ന കേസ്സുകളിൽ അതാതു ദേവസ്വം ബോർഡുകൾ ഓംബുഡ്സ്മാന്റെ ഉത്തരവിൽ പറയുംപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഓംബുഡ്സ്മാൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന റിപ്പോർട്ടുകളിലും കോടതിയുടെ വിധിന്യായം ലഭിക്കുന്ന മുറയ്ക്ക് ദേവസ്വം ബോർഡുകൾ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

"ദേവസ്വം ബോർഡുകളുടെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം"

202 (6121) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; നടപ്പാക്കാത്ത ക്ഷേത്രങ്ങളിൽ അടിയന്തിരമായി പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ ബോർഡ് നൽകിയിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

"ദേവസ്വം ബോർഡുകളുടെ ഭൂമി അനധികൃതമായി കയ്യടക്കിവച്ചിട്ടുണ്ടെന്ന പരാതികൾ"

203 (6122) ശ്രീ. തോമസ് ഉണ്ണിയാടൻ :

പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകളുടെ ഭൂമി സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും അനധികൃതമായി കയ്യടക്കിവച്ചിട്ടുണ്ടെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് തിരികെ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ദേവസ്വം ഭൂമി അന്യാധീനപ്പെടാതിരിക്കുവാൻ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly